കൊല്ലം ജില്ല കാർഷിക കാലാവസ്ഥ ബുള്ളറ്റിൻ

AAS No. 85/2022

കാലാവസ്ഥ പ്രവചനം

# ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റ്
# കേരള കാർഷിക സർവ്വകലാശാല
# കൃഷി വിജ്ഞാന കേന്ദ്രം കൊല്ലം

തീയ്യതി:25.10.2022

| കാലാവസ്ഥാ ഘടകങ്ങൾ | 2022 ഒക്ടോബർ 26 | 2022 ഒക്ടോബർ 27 | 2022 ഒക്ടോബർ 28 | 2022 ഒക്ടോബർ 29 | 2022 ഒക്ടോബർ 30 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 4 | 7 | 3 | 2 | 1 |
| ഉയർന്ന താപനില (⁰C) | 33 | 34 | 34 | 33 | 33 |
| കുറഞ്ഞ താപനില (⁰C) | 21 | 22 | 22 | 21 | 21 |
| കൂടിയ അന്തരീക്ഷ ആർദ്രത(%) | 93 | 93 | 93 | 93 | 93 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 76 | 76 | 76 | 76 | 76 |
| കാറ്റിന്റെ വേഗത(കി.മീ/ മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 50 | 50 | 50 | 20 |
| മേഘ വ്യാപ്തി (ഒക്റ്റാ) | 6 | 8 | 8 | 7 | 7 |

## മഴ മുന്നറിയിപ്പ്

| 2022 ഒക്ടോബർ 25 | 2022 ഒക്ടോബർ 26 | 2022 ഒക്ടോബർ 27 | 2022 ഒക്ടോബർ 28 | 2022 ഒക്ടോബർ 29 |
|---|---|---|---|---|
| നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ |

## കാലാവസ്ഥ ഉള്ളടക്കം

കഴിഞ്ഞ ആഴ്ചയിലെ കാലാവസ്ഥ റിപ്പോർട്ട് പ്രകാരം, കൊല്ലം ജില്ലയിൽ നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ ലഭിച്ചിട്ടുണ്ട്. ജില്ലയിൽ അനുഭവപ്പെട്ട കൂടിയ താപനില 33 ഡിഗ്രീ സെല്ഷ്യയസ് ആയിരുന്നു.

ഇന്ത്യ കാലാവസ്ഥ വകുപ്പിന്റെ അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം അനുസരിച്ച് കൊല്ലം ജില്ലയിൽ ഒക്ടോബർ 25 മുതൽ 29 വരെ നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴയ്ക്കു (പച്ച അലെർട് ) സാധ്യത. കൂടിയ താപനില 34⁰C വരെയും കുറഞ്ഞ താപനില 21⁰C വരെയും ആകാൻ സാധ്യത.

42 - മത് കാലാവസ്ഥ ആഴ്ചയുടെ (15.10.2022 to 21.10.2022) NDVI നീരീക്ഷണ ഫലപ്രകാരം ജില്ലയിലെ വിളകളുടെ ഊർജ്ജസ് നല്ല നിലയിലാണ്. മിനിസ്ട്രി ഓഫ് ഏർത് സയൻസിന്റെയും ഐ. എം. ഡിയുടെയും SPI ഇൻഡക്സ് ഫലപ്രകാരം കഴിഞ്ഞ 2022 സെപ്റ്റംബർ 22 മുതൽ 2022 ഒക്ടോബർ 19 വരെ ജില്ലയിൽ മിതമായ ഈർപ്പവും മിതമായ വരണ്ട അവസ്ഥയാണ് അനുഭവപ്പെട്ടിട്ടുള്ളത്.

## പൊതുനിർദ്ദേശങ്ങൾ

- വളപ്രയോഗം കീടനാശിനി പ്രയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ അനുകൂല കാലാവസ്ഥയ്ക്കനുസരിച്ച് നടത്താവുന്നതാണ്.
- മരുന്ന് തളി നടത്തുമ്പോൾ അതിരാവിലെയോ വൈകുന്നേരങ്ങളിലോ വെയിൽ താഴ്ന്നു നിൽക്കുന്ന സമയങ്ങളിൽ അനുവർത്തിക്കുവാൻ ശ്രദ്ധിക്കുക.
- വളപ്രയോഗം നടത്തിയ ശേഷം നന ഉറപ്പാക്കുകയും ചെയ്യുക

## നെല്ല്

- മുണ്ടകൻ നെല്ല്കൃഷിക്കായി തയാറെടുക്കുന്ന കർഷകർ പാടത്തു കുമ്മായമിട്ട് നിലം ഒരുക്കേണ്ടതാണ്.
- 240 കിലോഗ്രാം ഒരു ഏക്കർ എന്ന തോതിൽ നൽകാവുന്നതാണ്.



## വാഴ

- 2023 ലെ ഓണ വിപണിക്കായി നേന്ത്ര വാഴ (നടൻ ഇനം) കൃഷി ചെയ്യാനുദ്ദേശിക്കുന്ന കർഷകർ ശേഖരിച്ച വാഴക്കന്ന്
- ചാണകപാലിലും, സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായിനിയിലും മുക്കി ഉണക്കുക.



## കന്നുകാലികൾ

- ബാഹ്യപരാദങ്ങളായ കൊതുക്, കടിയീച്ചകൾ തുടങ്ങിയവയുടെ ഉപദ്രവം തടയുന്നതിനായി ചാണക കുഴികളിൽ കുമ്മായം വിതറുക .
- വെറ്റിനറി ഡോക്ടറുടെ നിർദേശപ്രകാരം മാത്രം ബാഹ്യപരാദങ്ങളെ നിയന്ത്രിക്കുന്നതിനുള്ള മരുന്നുകൾ ചെയ്യുക.
- പശു ആട് കോഴി എന്നിവയുടെ ശരീരഭാരത്തിനനുസരിച്ച് വിരമരുന്ന് നൽകാൻ ശ്രദ്ധിക്കുക.

